**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം  കോട്ടയം നഗരസഭയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 ശ്രീമതി.ഷീജ.സി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ. 1889/2018 കേസിൽ 02.11.2018 തീയതിയിലെ വിധിന്യായം - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 95/2019/തസ്വഭവ തീയതി, തിരുവനന്തപുരം, 19.01.2019

പരാമർശം : **1.** നഗരകാര്യഡയറക്ടറുടെ 26.09.2018 തീയതിയിലെ ഇ 5-14751/18 നമ്പർ ഉത്തരവ്.

**2.** കോട്ടയം നഗരസഭയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 ആയ ശ്രീമതി.ഷീജ.സി സർക്കാരിൽ സമർപ്പിച്ച 02.10.2018 തീയതിയിലെ നിവേദനം(Annexure A5).

**3.** ശ്രീമതി.ഷീജ.സി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ. 1889/2018 കേസിൽ 02.11.2018 തീയതിയിലെ വിധിന്യായം.

**4.** നഗരകാര്യഡയറക്ടറുടെ 27.12.2018 തീയതിയിലെ ഇ 5-22470/18 നം. കത്ത്.

## ഉത്തരവ്

കൊല്ലം നഗരസഭയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 തസ്തികയിൽ സേവനമനുഷ്ഠിച്ച് വന്നിരുന്ന ശ്രീമതി.ഷീജ.സി-യെ കോട്ടയം നഗരസഭയിലേക്ക് സ്ഥലംമാറ്റം നൽകി നിയമിച്ചുകൊണ്ട് നഗരകാര്യഡയറക്ടർ പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിനെതിരെ ശ്രീമതി.ഷീജ.സി പരാമർശം 2 പ്രകാരം സർക്കാരിൽ നിവേദനം സമർപ്പിച്ചിരുന്നു. കൂടാതെ ഇതേ ആവശ്യമുന്നയിച്ച് ശ്രീമതി.ഷീജ.സി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ.1889/2018 നമ്പർ കേസിന്മേൽ 02.11.2018 ൽ ബഹു. ട്രിബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം ശ്രീമതി.ഷീജ.സി സർക്കാരിൽ സമർപ്പിച്ച അനക്ഷർ എ 5 നിവേദനം സർക്കാർ പരിശോധിച്ച് 6 ആഴ്ചയ്ക്കുള്ളിൽ തീരുമാനമെടുക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

2. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ നിർദ്ദേശപ്രകാരം സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി.ഷീജ.സി സർക്കാരിൽ സമർപ്പിച്ച അപേക്ഷ പ്രകാരം, 06.09.2008 ൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയിൽ

സേവനത്തിൽ പ്രവേശിച്ച തനിക്ക് 10.01.2017 ൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 തസ്തികയിൽ ഉദ്യോഗക്കയറ്റം ലഭിച്ച് കൊല്ലം നഗരസഭയിൽ നിയമിച്ചതായും എന്നാൽ 26.09.2018 ൽ ശ്രീ. ഷാജൻ എസ് എന്ന ജീവനക്കാരനെ കൊല്ലം നഗരസഭയിൽ നിയമിക്കുന്നതിനായി തന്നെ കോട്ടയം നഗരസഭയിലേക്ക് സ്ഥലം മാറ്റിയതായും അറിയിച്ചിരുന്നു. താൻ പട്ടികജാതി വിഭാഗത്തിൽപ്പെട്ടയാളാണെന്നും സേവനത്തിൽ നിന്ന് വിരമിക്കാൻ രണ്ടരവർഷം മാത്രമേ ബാക്കിയുള്ളൂവെന്നും രോഗിയായ ഭർത്താവിനെ പരിചരിക്കേണ്ടതിനാൽ കൊല്ലം നഗരസഭാ ക്വാർട്ടേഴ്സിൽ താമസിച്ചുവരുന്ന തന്നെ കൊല്ലം കോർപ്പറേഷനിലോ അല്ലെങ്കിൽ തിരുവനന്തപുരം, കായംകുളം കരുനാഗപ്പള്ളി എന്നീ നഗരസഭകളിലോ നിയമിച്ച് ഉത്തരവുണ്ടാകണമെന്ന് അപേക്ഷിച്ചിരുന്നു.

3. നഗരകാര്യ ഡയറക്ടറുടെ ഇക്കാര്യത്തിലുള്ള പരാമർശം 4 ലെ റിപ്പോർട്ട് പ്രകാരം തിരുവനന്തപുരം നഗരസഭയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. ഷാജൻ എസ്-ന് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നൽകി പരപ്പനങ്ങാടി നഗരസഭയിൽ നിയമിച്ചിരുന്നതായും എന്നാൽ ടിയാൻ തിരുവനന്തപുരം ലാ കോളേജിൽ എൽ.എൽ.ബി കോഴ്സ് പഠിക്കുന്നതിനാൽ, പഠനത്തിന് സൗകര്യപ്രദമായ നഗരസഭയിൽ നിയമനം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ. 260/2018 കേസിൽ 26.07.2018 ലെ ഇടക്കാല ഉത്തരവ് പ്രകാരം ടിയാന് തിരുവനന്തപുരം നഗരസഭയിലോ സമീപജില്ലയായ കൊല്ലം ജില്ലയിലെ നഗരസഭയിലോ നിയമനം നൽകുന്ന കാര്യം പരിഗണിക്കണമെന്ന് നിർദ്ദേശം നൽകിയിരുന്നതായും അതിൻപ്രകാരം തിരുവനന്തപുരം കൊല്ലം ജില്ലകളിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 ഓപ്പൺ വേക്കൻസി നിലവിൽ ഇല്ലാത്തതിനാൽ കൊല്ലം നഗരസഭയിൽ 06.09.2008 മുതൽ തുടർച്ചയായി ജോലി നോക്കി വരുന്ന ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 തസ്തികയിലെ ഏറ്റവും സീനിയർ ആയ ശ്രീമതി.ഷീജ.സി -യ്ക്ക് കോട്ടയം നഗരസഭയിൽ നിലവിലുണ്ടായിരുന്ന ഓപ്പൺ വേക്കൻസിയിൽ (ക്യൂലിസ്റ്റ് നിലവിലില്ലാത്ത നഗരസഭ)സ്ഥലം മാറ്റം നൽകിക്കൊണ്ട് ശ്രീ. ഷാജനെ കൊല്ലം നഗരസഭയിൽ നിയമിക്കുകയാണുണ്ടായതെന്ന് അറിയിച്ചിരുന്നു.

4. 06.09.2008 ൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയിൽ കൊല്ലം നഗരസഭയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീമതി.ഷീജ.സി-യ്ക്ക് 10.01.2017 ൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 തസ്തികയിൽ ഉദ്യോഗക്കയറ്റം നൽകി കൊല്ലം നഗരസഭയിൽത്തന്നെ നിയമിക്കുകയാണുണ്ടായതെന്നും കൊല്ലം നഗരസഭയിൽ തുടർച്ചയായി 10 വർഷത്തെ സർവ്വീസ് കഴിഞ്ഞ സാഹചര്യത്തിലാണ് ഒ.എ. 260/2018 കേസിലെ വിധിന്യായം നടപ്പാക്കുന്നതിനായി കോട്ടയം നഗരസഭയിലേക്ക് മാറ്റിയതെന്നും നഗരകാര്യഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു. ശ്രീമതി.ഷീജ.സി ആവശ്യപ്പെട്ടിട്ടുള്ള കൊല്ലം,തിരുവനന്തപുരം, കായംകുളം കരുനാഗപ്പള്ളി

നഗരസഭകളിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 തസ്തികയിൽ ഓപ്പൺ വേക്കൻസി നിലവിലില്ലായെന്നും അറിയിക്കുന്നു.

5. സർക്കാർ ഇക്കാര്യം നഗരകാര്യഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം വിശദമായി പരിശോധിച്ചു. കോട്ടയം നഗരസഭയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 തസ്തികയിൽ സേവനമനുഷ്ഠിച്ച് വരുന്ന ശ്രീമതി.ഷീജ.സി-യുടെ അപേക്ഷ പരിശോധിച്ചതിൽ ടിയാൾ സേവനത്തിൽ പ്രവേശിച്ച 06.09.2008 മുതൽ കൊല്ലം നഗരസഭയിൽത്തന്നെയാണ് ജോലിനോക്കി വരുന്നത്. ബഹു. ട്രിബ്യൂണൽ ഉത്തരവ് നടപ്പാക്കുന്നതിനായിട്ടാണ് നഗരകാര്യഡയറക്ടർ ടിയാളെ സമീപജില്ലകളിലൊന്നായ കോട്ടയത്തേക്ക് സ്ഥലം മാറ്റിയിട്ടുള്ളത്.

6. മേൽ സാഹചര്യത്തിൽ നഗരകാര്യഡയറക്ടറുടെ 26.09.2018 ലെ സ്ഥലംമാറ്റ ഉത്തരവ് റദ്ദ് ചെയ്ത് തനിക്ക് കൊല്ലം നഗരസഭയിൽ നിയമനം നൽകണമെന്ന ശ്രീമതി.ഷീജ.സി-യുടെ ആവശ്യം പരിഗണനാർഹമല്ലാത്തതാണ്. എന്നാൽ ടിയാളുടെ ബുദ്ധിമുട്ടുകൾ പരിഗണിച്ചും, വിരമിക്കാൻ രണ്ട് വർഷം മാത്രമേയുള്ളൂവെന്നതും കണക്കിലെടുത്ത് കൊല്ലം, തിരുവനന്തപുരം, കായംകുളം കരുനാഗപ്പള്ളി നഗരസഭകളിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 തസ്തികയിൽ ഒഴിവ് വരുന്ന മുറയ്ക്ക് ടിയാളുടെ അർഹത പരിഗണിച്ച് ടി നഗരസഭകളിലേതിലെങ്കിലും സ്ഥലംമാറ്റം നൽകുന്നതിന് ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് അനക്ഷർ എ 5 നിവേദനം തീർപ്പാക്കി ഉത്തരവാകുന്നു.

7. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം 3 പ്രകാരമുള്ള നിർദ്ദേശം മേൽപ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ് മോഹൻദാസ്**

അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, കേരളാ, തിരുവനന്തപുരം.( ആമുഖ കത്ത് സഹിതം)

ശ്രീമതി.ഷീജ.സി, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 , കോട്ടയം നഗരസഭ

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ